ഭരണഭാഷ – മാതൃഭാഷ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്,
തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്,
കവടിയാർ പി.ഒ തിരുവനന്തപുരം – 695003
ഫോൺ : 0471-2727255, 2314526
ഇ-മെയിൽ : pd.lsgd@kerala.gov.in
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in

No. LSGD/PD/11017/2025-IV1 തീയതി: 25-07-2025

**28.06.2025 തീയതി ചേർന്ന സംസ്ഥാനതല സ്ഥിരം അദാലത്ത് സമിതി യോഗത്തിന്റെ മിനിറ്റ്സ്.**

സ്ഥിരം അദാലത്ത് സംവിധാനവുമായി ബന്ധപ്പെട്ട സംസ്ഥാനതല അദാലത്ത് സമിതി യോഗം 28.06.2025 തീയതി പകൽ 11 മണിക്ക് ചേരുകയുണ്ടായി.

**അജണ്ട**

1 . കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്തിൽ നിന്നും കെട്ടിട നമ്പർ അനുവദിക്കാത്തതുമായി ബന്ധപ്പെട്ട് ശ്രീ.യൂനസ് എ ടി നൽകിയ അപേക്ഷ പരിഗണിക്കുന്നത്.

2. കൊല്ലം ജില്ല പേരയം ഗ്രാമപഞ്ചായത്തിൽ 2019 ൽ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിന് നമ്പർ ലഭിക്കാത്തതുമായി ബന്ധപ്പെട്ട് ശ്രീമതി. ഉഷ കൃസ്റ്റൻകുട്ടി സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നത്.

3. ഡ്യൂസൺ ഇൻഫ്രാ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി ഏനാദിമംഗലം ഗ്രാമപഞ്ചായത്ത് പരിധിയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന നിക്കോള ടെസ്ല സ്കൂൾ ഓഫ് ടെക്ക്നോളജി എന്ന സ്ഥാപനം ഉടങ്ങുന്നതിന് കെട്ടിടനിർമ്മാണ അനുമതിയ്ക്കായി ടൌൺ പ്ലാനിംഗ് വിഭാഗത്തിൽ സമർപ്പിച്ച അപേക്ഷ നിരസിച്ചതിനെതിരെ ശ്രീ.സുനിൽകുമാർ, മാനേജിംഗ് ഡയറക്ടർ, ഡ്യൂസൺ ഇൻഫ്രാ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നത്.

4 . മരട് മുനിസിപ്പാലിറ്റി പരിധിയിൽ നിർമ്മാണത്തിലിരിക്കുന്ന ഫ്ലാറ്റ് സമുച്ചയത്തിന് അനുവദിച്ച കെട്ടിട നിർമ്മാണ പെർമിറ്റ് പുതുക്കുന്നതുമായി ബന്ധപ്പെട്ട് Anilkumar Sharma & Dean James Mathews സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നത്.

5. ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്തിൽ ശ്രീമതി ഷീബ എൻ എന്ന വ്യക്തി ചുറ്റമതിൽ കെട്ടുന്നതിന് പെർമിറ്റ് ലഭിക്കാത്തതുമായി ബന്ധപ്പെട്ട് അദാലത്തിൽ സമർപ്പിച്ച അപേക്ഷയിന്മേൽ തെറ്റായ റിപ്പോർട്ട് നൽകിയ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കെതിരെയും,അപേക്ഷകക്കെതിരെയും നടപടി

സ്വീകരിക്കണമെന്ന ശ്രീ ഗിരീഷ് ബാബുവിന്റെ അപേക്ഷ പരിഗണിക്കുന്നത്.

6. 2018ലെ പ്രകൃതി ക്ഷോഭം മൂലമുണ്ടായ നാശനഷ്ടങ്ങൾ കണക്കാക്കി ധനസഹായം ലഭിക്കുന്നതിനായി വില്ലേജ് ഓഫിസിൽ സമർപ്പിച്ച അപേക്ഷ, നാശ നഷ്ടങ്ങളുടെ തോത് കണക്കാക്കുന്നതിനായി വില്ലേജ് ഓഫീസർ കോഴിക്കോട് കോർപ്പറേഷൻ ഓഫിസിലേക്ക് കൈമാറിയതിൽ നഗരസഭയിൽ നിന്നും തുടർ നടപടികൾ സ്വീകരിച്ചില്ലാ എന്നത് സംബന്ധിച്ച ശ്രീ.സമ്പത്ത്.കെ യുടെ അപേക്ഷ പരിഗണിക്കുന്നത്.

7. ആക്റ്റീവ് പ്ലാനറ്റ് എന്ന അമ്യൂസ്മെന്റ് പാർക്കിലെ അനധികൃത നിർമാണങ്ങൾക്കെതിരെയും പാർക്കിന്റെ അനുമതി കൂടാതെയുള്ള പ്രവർത്തനങ്ങൾക്കുമെതിരെ ശ്രീ.ഗൗതം സമർപ്പിച്ച പരാതി പരിഗണിക്കുന്നത്

<u>**പങ്കെടുത്തവർ**</u>

1. ശ്രീമതി. വനജകുമാരി കെ, അഡീഷണൽ ഡയറക്ടർ (വിജിലൻസ്)
2. ശ്രീ.രാജേഷ്, സീനിയർ ടൗൺ പ്ലാനർ
3. ബന്ധപ്പെട്ട ജില്ലാ/ ഉപജില്ലാ സമിതി കൺവീനർമാരും തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാരും
4. സിറ്റിസൺ അസിസ്റ്റൻറ് പോർട്ടൽ മുഖേന പരാതി സമർപ്പിച്ചിരുന്ന അപേക്ഷകർ.

യോഗത്തിൽ അജണ്ട പ്രകാരമുള്ള പരാതികൾ വിശദ പരിശോധനയ്ക്ക് വിധേയമാക്കുകയും പരാതിക്കാരന്റെയും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാരുടെയും വാദങ്ങളും ഉപജില്ല/ജില്ലാ സമിതി കൺവീനർമാരുടെ അഭിപ്രായങ്ങളും കേൾക്കുകയുണ്ടായി. തുടർന്ന് സംസ്ഥാനതല അദാലത്ത് സമിതി ലഭ്യമായ അപേക്ഷകളിൽ ചുവടെ പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയുണ്ടായി.

<u>**അജണ്ട 1. കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്തിൽ നിന്നും കെട്ടിട നമ്പർ അനുവദിക്കാത്തതുമായി ബന്ധപ്പെട്ട് ശ്രീ.യൂനസ് എ ടി നൽകിയ അപേക്ഷ (Docket No. BPKSGD11212000022)**</u>

കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്തിൽ പരപ്പ വില്ലേജിലെ യൂനസ് എ ടി s/o അസൈനാർ, ക്ലായിക്കോട് എന്നവരുടെ പേരിലുള്ള 131/1pt138 എന്ന സർവ്വെ നമ്പറിലുള്ള 0.0121 ഹെക്ടർ സ്ഥലത്ത് കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്തിലെ 03.09.2021 തീയ്യതിയിലെ SC2-BA(189353)2021 നമ്പർ പ്രകാരം കമേർഷ്യൽ കം റസിഡൻസ് ഗണത്തിൽപ്പെട്ട കെട്ടിടം നിർമ്മിക്കുന്നതിന് പെർമിറ്റ് അനുവദിച്ചിരുന്നു. പെർമിറ്റ് കാലാവധി 02/09/2026 വരെയാണ്. പ്രവൃത്തി പൂർത്തീകരിച്ച് കെട്ടിട നമ്പറിനായി 02/02/2025 ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട് 31.122024ലെ R-KBOCWWF-24022317 പ്രകാരം 17102/-രൂപ കെട്ടിട നിർമ്മാണ ക്ഷേമ നിധി ബോർഡിലേക്കുള്ള സെസ് ഒടുക്കിയിട്ടുണ്ട്. കെട്ടിട നിർമ്മാണം നടത്തിയ ഭൂമി കാർഷിക/ഗാർഹിക ആവശ്യങ്ങൾക്കായി പതിച്ചു നൽകിയ ഭൂമി ആയതിനാൽ (AW Land) കെട്ടിട നമ്പർ അനുവദിച്ചിട്ടില്ല. ഇതിനെതിരെയാണ് അപ്പീൽ സമർപ്പിച്ചിട്ടുള്ളത്.

വൻതുക ബാങ്ക് വായ്പ എടുത്താണ് കെട്ടിടം നിർമ്മിച്ചതെന്നും ഹൈക്കോടതി വിധിവന്ന

ശേഷം അനുവദിച്ച പെർമിറ്റ് റദ്ദ് ചെയ്തിട്ടില്ലാത്തതും, കെട്ടിടം നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതെന്നും കെട്ടിട നമ്പർ ലഭിക്കാത്തത് കാരണം കെട്ടിടം വാടകയ്ക്ക് നൽകുന്നതിന് സാധിച്ചിട്ടില്ലെന്നും ആയതിനാൽ വൻ സാമ്പത്തിക ബാധ്യത വന്നിട്ടുണ്ടെന്നും വായ്പ തിരിച്ചടക്കാൻ ബുദ്ധിമുട്ടുകയാണെന്നും കെട്ടിട നമ്പർ അനുവദിച്ച് തരുവാൻ ഉത്തരവുണ്ടാകണമെന്നും അപേക്ഷകൻ അറിയിച്ചു.

- പ്രസ്തുത നിർമ്മാണത്തിന് ഗ്രാമപഞ്ചായത്തിൽ നിന്നും 03.09.2021 ൽ നമ്പർ. SC2-BA (189353)2021 പ്രകാരം നൽകിയ പെർമിറ്റ് കാലാവധി 02/09/2026 വരെയുണ്ട്. പ്രവർത്തി പൂർത്തികരിച്ച് അപേക്ഷകൻ കെട്ടിട നമ്പറിനായി 02/02/2025 ൽ പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുമുണ്ട്.
- കാർഷിക ഗാർഹിക ആവശ്യങ്ങൾക്കായി പതിച്ചു നൽകിയ ഭൂമിയിൽ മറ്റ് കെട്ടിടങ്ങൾ നിർമ്മിക്കരുത് എന്ന ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് SC2-BA (189353)2021 നമ്പർ പെർമിറ്റ് പ്രകാരം നിർമ്മിച്ച വാണിജ്യ കെട്ടിടത്തിന് കെട്ടിട നമ്പർ അനുവദിക്കാതിരുന്നതെന്നും സർക്കാർ ഉത്തരവ് ഉണ്ടാകുന്ന മുറയ്ക്ക് കെട്ടിട നമ്പർ അനുവദിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുള്ളതായും, മേൽ വിഷയം സർക്കാരിന്റെ പരിഗണനയിലുള്ളതായി ഉപജില്ലാ /ജില്ലാതല അദാലത്ത് സമിതികളുടെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.
- അറ്റാച്ച് ചെയ്യപ്പെട്ടിട്ടുള്ള രേഖകൾക്കൊപ്പമുള്ളതായ, പഞ്ചായത്ത് സെക്രട്ടറി വില്ലേജ് ഓഫീസർക്ക് നൽകിയ 04.02.2025 ലെ കത്തിൽ - AW land ഭൂമിയുടെ വിവരങ്ങൾ പഞ്ചായത്തിന് ലഭ്യമാക്കിയതിൽ 131/1 സർവെ നമ്പർ ഉൾപ്പെടുന്നതായും, എന്നാൽ യൂനസ് എ ടി. S/o അസിനാർ എന്നവർക്ക് ലഭ്യമാക്കിയ കൈവശ രേഖയിൽ 131/1pt138 എന്നത് Dry land എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നതിനാൽ ഈ ഭൂമി AW land ആണോ എന്നതിൽ വ്യക്തത വരുത്തി നൽകണമെന്ന് സൂചിപ്പിച്ച് കത്ത് നൽകിയിട്ടുള്ളതായി കാണുന്നു.

<u>തീരുമാനം</u>

1. സർക്കാർ പരിഗണനയിലിരിക്കുന്ന വിഷയമായതിനാൽ സർക്കാർ തീരുമാനം വരുന്ന മുറക്ക് ആയത് പ്രകാരം ഒക്കുപ്പൻസിയുടെ കാര്യം പരിഗണിക്കുന്നതിനു തീരുമാനിച്ചു.

**നടപടി - കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത് സെക്രട്ടറി**

2. ആവശ്യമായ രേഖകൾ പരിശോധിക്കാതെ തെറ്റായി ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചതിൽ പെർമിറ്റ് അനുവദിച്ച ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും വിശദീകരണം വാങ്ങി തുടർ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു

**നടപടി - ഡെപ്യൂട്ടി ഡയറക്ടർ (വിജിലൻസ്)**

<u>അജണ്ട. 2 കെട്ടിട നമ്പർ ലഭിക്കാത്തതുമായി ബന്ധപ്പെട്ട് ശ്രീമതി. ഉഷ ക്രിസ്റ്റൻകുട്ടി സമർപ്പിച്ച അപേക്ഷ (Docket No. **BPKLM40346000009**)</u>

കൊല്ലം ജില്ലയിലെ പേരയം ഗ്രാമ പഞ്ചായത്തിൽ നിർമിച്ച വാണിജ്യ കെട്ടിടത്തിന് നമ്പർ ലഭിക്കുന്നില്ല എന്ന വിഷയത്തിൽ ശ്രീമതി ഉഷ ക്രിസ്റ്റ്യൻ കുട്ടി ആണ് പരാതി നൽകിയിട്ടുള്ളത്.

ഉപജില്ലാ/ജില്ലാ തല അദാലത് സമിതിയുടെ തീരുമാനങ്ങൾ പരിശോധിച്ചതിൽ കെട്ടിടത്തിന് ചുവടെ പറയുന്ന ലംഘനങ്ങൾ ഉള്ളതായി പരാമർശിച്ചിട്ടുണ്ട് .

| Rule | Description | Required | Provided/Violation |
|---|---|---|---|
| 27 (5) | Open yard | 1.5 | 1.2 |
| 27 (2) | Distance between buildings | 3 | 2.55 |
| 44 | Stair case | | Landing width, Height of riser, violations |
| 103 | Facilities for persons with disabilities | | Ramp, Toilet and parking Not provided. |

മേൽ വിഷയവുമായി ബന്ധപ്പെട്ട് അപേക്ഷക കൊല്ലം ജില്ലയിൽ നടന്ന ബഹു തദ്ദേശ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ നടന്ന അദാലത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ആയതിൽ ' The applicant has been suggested to make the needed changes and procure fire related equipments for NOC. they have agreed to pay the fee. Following may be instructed' എന്ന് തദ്ദേശ അദാലത്തിൽ സംസ്ഥാനതല അദാലത് സമിതി തീരുമാനം കൈക്കൊണ്ടിട്ടുള്ളതുമാണ്.

<u>തീരുമാനം</u>

ഈ വിഷയത്തിൽ സംസ്ഥാനതല അദാലത്ത് സമിതി ഒരു ഹിയറിംഗ് നടത്തണമെന്ന അപേക്ഷകയുടെ ആവശ്യാർത്ഥം ചീഫ് ടൗൺ പ്ലാനറുടെ സാന്നിധ്യത്തിൽ ചീഫ് വിജിലൻസ് ഓഫീസർ മുമ്പാകെ ബന്ധപ്പെട്ട കക്ഷികളുടെ ഹിയറിംഗ് നടത്തി തുടർ നിർദ്ദേശങ്ങൾ നൽകുന്നതിന് തീരുമാനിച്ചു.

**നടപടി - ചീഫ് വിജിലൻസ് ഓഫീസർ, ചീഫ് ടൗൺ പ്ലാനർ.**

(അപേക്ഷക, പഞ്ചായത്ത് സെക്രട്ടറി, ജില്ലാ IVO, ജില്ലാ ടൗൺ പ്ലാനർ, എന്നിവർ ബന്ധപ്പെട്ട രേഖകൾ, റിപ്പോർട്ട് എന്നിവ സഹിതം ഹാജരാകേണ്ടതാണ്.)

**<u>അജണ്ട. 3 കെട്ടിടനിർമ്മാണ അനുമതിയ്ക്കായി ടൌൺ പ്ലാനിംഗ് വിഭാഗത്തിൽ സമർപ്പിച്ച അപേക്ഷ നിരസിച്ചതിനെതിരെ ശ്രീ.സുനിൽകുമാർ, മാനേജിംഗ് ഡയറക്ടർ, ഡ്യൂസൺ ഇൻഫ്രാ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് സമർപ്പിച്ച അപേക്ഷ ( Docket No. BPPTA30416000012)</u>**

Dewsone infra India Pvt Ltd എന്ന കമ്പനി ഏനാദിമംഗലം ഗ്രാമ പഞ്ചായത്ത് പരിധിയിൽ നിർമിക്കാൻ ഉദ്ദേശിക്കുന്ന നിക്കോള ടെസ്ല സ്കൂൾ ഓഫ് ടെക്നോളജി എന്ന സ്ഥാപനം തുടങ്ങുന്നതിനു ലേ ഔട്ട് അനുമതിക്കായി പത്തനംതിട്ട Town Planning Office-നെ സമീപിച്ചപ്പോൾ ഈ പ്രൊജക്റ്റിനോട് തീർത്തും നിസ്സംഗ മനോഭാവം ആണ് പത്തനംതിട്ട Town Planning Office ലെ ഉദ്യോഗസ്ഥർ വച്ച് പുലർത്തുന്നത് എന്നും ആയത് ഈ പ്രൊജക്റ്റിന് വിലങ്ങുതടി ആയിരിക്കുകയാണ് എന്നുമാണ് പരാതിയിൽ ഉന്നയിച്ചിരിക്കുന്നത്. ആകയാൽ

കാര്യക്ഷമമായ ഒരു സംസ്ഥാന തല സമിതി സജ്ജീകരിച്ച് അപേക്ഷകൻ സമർപ്പിക്കുന്ന സമഗ്രമായ കെട്ടിട പ്ലാൻ പരിശോധിച്ച് അനുമതി നൽകുന്നതിന് ആവശ്യമായ നടപടി ഉണ്ടാകണം എന്നാണ് അപേക്ഷിച്ചിരിക്കുന്നത്.

പത്തനംതിട്ട Town Planning Office ൽ 19-03-2024 ന് അപേക്ഷ സമർപ്പിക്കുകയും, 18 ഓളം ന്യൂനതകൾ ചൂണ്ടി കാട്ടി 12-04-2024 ന് അപേക്ഷ നിരസിക്കുകയും ചെയ്തു എന്നും 11-07-2024 ന് പരിഷ്കരിച്ച പ്ലാനുകൾ സമർപ്പിച്ചു എന്നും, ആയത് മുൻ കത്തിൽ അറിയിച്ചിരുന്ന 14 ന്യൂനതകൾ പരിഹരിച്ചിട്ടില്ല എന്ന് അറിയിച്ചു കൊണ്ട് 04-08-2024 ന് നിരസിച്ചു എന്നും പരാതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വിഷയവുമായി ബന്ധപെട്ട് വിശദമായ റിപ്പോർട്ട് LSGD/JD/PTA/3384/2025-TP2 തിയതി:25-06-2025 ആയി പത്തനംതിട്ട Town Planner സമർപ്പിച്ചിട്ടുണ്ട്. ന്യൂനതകൾ അറിയിച്ചു നൽകിയ കത്തുകളുടെ പകർപ്പും അതോടൊപ്പം അറ്റാച്ച് ചെയ്തിട്ടുണ്ട്. നിർമാണത്തിന് ആവശ്യമായ വഴിക്ക് വീതി ലഭ്യമല്ല തുടങ്ങിയ പ്രധാന ചട്ട ലംഘനങ്ങൾ മേൽ വിഭാവിത നിർമാണത്തിന് ഉണ്ട് എന്നും കുന്നിടിക്കലും മണ്ണ് മാറ്റുന്നതുമായ പ്രവർത്തനങ്ങളും വലിയ തോതിൽ പ്രസ്തുത സ്ഥലത്ത് നടത്തേണ്ടതുണ്ട് എന്നും 50530 Cum (18 ലക്ഷത്തോളം ക്യൂബിക് അടി) മണ്ണ് മാറ്റുന്നതിന് അപേക്ഷകൻ ജിയോളജി വകുപ്പിൽ നിന്നും അനുമതി ലഭ്യമാക്കിയിട്ടുണ്ട് എന്ന് കാണുന്നു.

പത്തനംതിട്ട Town Planning Office ൽ നിന്നും ഉള്ള കത്ത് പരിശോധിച്ചതിൽ, പ്ലാനുകൾ ന്യൂനതകളോടെ സമർപ്പിച്ച സമയത്ത് ആയതിൽ Licensed Engineer-റോട് പത്തനംതിട്ട Town Planning Office ൽ നിന്നും വിശദീകരണം ആവശ്യപ്പെടുകയും ചെയ്തിരുന്നതായി കാണുന്നു. കമ്പനിയുടെ എഞ്ചിനീയർമാരുമായി ചേർന്ന് സംയുക്തമായി തയ്യാറാക്കിയ അപേക്ഷ ആയിരുന്നു എന്നും, സമയബന്ധിതമായി അപേക്ഷ തയ്യാറാക്കാൻ കമ്പനിയിൽ നിന്നും വന്ന Work Pressure ന്റെ ഭാഗമായാണ് തെറ്റായി അപേക്ഷ സമർപ്പിക്കാൻ ഇടയായത് എന്നും അറിയിച്ചു കൊണ്ടുള്ള ലൈസന്സ്ഡ് എഞ്ചിനീയറുടെ കത്ത് ഉൾപ്പെടുത്തിയിട്ടുണ്ട്.

**<u>തീരുമാനം</u>**

ന്യൂനതകൾ പരിഹരിച്ച് പ്ലാനുകൾ സമർപ്പിക്കുന്നതിന് അപേക്ഷകനും ആയത് നിയമാനുസൃതം പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ ടൗൺ പ്ലാനർക്കും നിർദ്ദേശം നൽകുന്നു. അപേക്ഷകന് വീണ്ടും ചർച്ച ആവശ്യമുള്ള പക്ഷം ജില്ലാ ടൗൺ പ്ലാനർ ആയതിന് അവസരം നൽകേണ്ടതാണ്.

**നടപടി - ജില്ലാ ടൗൺ പ്ലാനർ, പത്തനംതിട്ട**

**<u>അജണ്ട. 4 കെട്ടിട നിർമ്മാണ പെർമിറ്റ് പുതുക്കുന്നതുമായി ബന്ധപ്പെട്ട് Anilkumar Sharma & Dean James Mathews സമർപ്പിച്ച അപേക്ഷ (Docket No. BPEKM11247000018)</u>**

മരട് മുനിസിപ്പാലിറ്റി പരിധിയിൽ നിർമ്മാണത്തിലിരിക്കുന്ന ഫ്ലാറ്റ് സമുച്ചയത്തിന് ചില സാങ്കേതിക കാരണങ്ങളാലും കോവിഡ് കാരണങ്ങളാലും നിർമ്മാണം നിർത്തിവയ്ക്കേണ്ടി വന്നിരുന്നുവെന്നും ആയതിനാൽ പെർമിറ്റ് കാലാവധി പുതുക്കി വാങ്ങേണ്ടി വന്നിരുന്നുവെന്നും, മുൻകാല പ്രാബല്യത്തോടുകൂടിയാണ് പെർമിറ്റ് പുതുക്കി നൽകിയിട്ടുള്ളതെന്നും. ഇത് കൂടാതെ മരട് മുനിസിപ്പാലിറ്റി തക്കതായ കാരണങ്ങൾ ഒന്നുമില്ലാതെ സ്റ്റോപ്പ് മെമ്മോ നൽകിയതിനാൽ

പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ലെന്നും ആയതിനാൽ പെർമിറ്റ് കാലാവധി പുതുക്കി നൽകണമെന്നുമാണ് അപേക്ഷ.

- പ്രസ്തുത നിർമ്മാണത്തിന് മരട് മുനിസിപ്പാലിറ്റിയിൽ നിന്നും 11/06/2014 തീയതിയിൽ BA/378/2012-13 നമ്പർ പ്രകാരം പെർമിറ്റ് നൽകിയിട്ടുള്ളതായും 11/06/2017 മുതൽ 10/06/2020 വരെയുള്ള കാലയളവിലേയ്ക്ക് 06.02.2018 ലും, 11/06/2020 മുതൽ 10/06/2024 വരെയുള്ള കാലയളവിലേയ്ക്ക് 18.12.2023 ലും പെർമിറ്റ് പുതുക്കി നൽകിയിട്ടുള്ളതായും കാണുന്നു
- KCZMA യുടെ അനുമതി, വ്യവസായ സോണിൽപ്പെട്ടതാകയാൽ RTP യുടെ അനുമതി, ഏവിയേഷൻ അനുമതി, ബ്ലോക്ക് 14 ൽ റിസർവ്വേ നം 7/15, 7/16 ൽ പ്പെട്ട സ്ഥലം ഡാറ്റാ ബാങ്കിൽ നികത്തുഭൂമിയായി കാണുന്നുവെന്നും നികത്തുന്നതിന് റവന്യൂ വകുപ്പിന്റെ അനുമതി എന്നിവ ലഭ്യമല്ലാത്തതിനാൽ 04/08/2019 ൽ മരട് മുനിസിപ്പാലിറ്റി സ്റ്റോപ്പ് മെമ്മോ നൽകിയിരുന്നെന്നും ഇന്റേണൽ വിജിലൻസ് ഓഫീസർ അറിയിച്ചിട്ടുള്ളതായും റിപ്പോർട്ടിൽ കാണുന്നു.
- അപേക്ഷകർ ബഹു കേരള ഹൈക്കോടതിയിൽ നൽകിയ പരാതിയിൽ, 27/05/2022 ലെ WP(C) 4531/2022 ഉത്തരവിനെതിരെ നഗരസഭ ഡിവിഷൻ ബെഞ്ചിൽ സമർപ്പിച്ച 27/03/2023 WA No 1795/2022 നം ഉത്തരവിൽ പെർമിറ്റ് പുതുക്കി നൽകാൻ നിർദ്ദേശിച്ചുവെന്നും 20/03/2023 ൽ നഗരസഭ ഈ പ്രദേശത്തെ വ്യവസായ സോണിൽ നിന്ന് ഒഴിവാക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിച്ച് തീരുമാനിച്ചിരുന്നുവെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു.
- ടി വസ്തു CRZ II ൽ ഉൾപ്പെടുന്നതാണെന്നും ഇതിന് മുന്നിലായി 8 മീറ്റർ വീതിയിൽ റോഡ് ഉണ്ടെന്നും 1991 ന് മുൻപ് ബിൽഡിംഗ് പെർമിറ്റുള്ള കെട്ടിടങ്ങളുണ്ടെന്നും WP(C) No 4531/2022 27/05/2022 ലെ ഉത്തരവിൽ നഗരസഭ സെക്രട്ടറിയുടെ എതിർ സത്യവാങ്മൂലത്തിൽ നിന്ന് : on site inspection, the property is seen to be situated in CR2 II area but it is revealed that 63 meters distance has been left for the Construction from the HTL and hence the property need not be treated as coming under CRZ II എന്ന് സിംഗിൾ ബെഞ്ചിന് ബോധ്യപ്പെട്ടതായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും കൂടാതെ ടി സ്ഥലം ഇൻഡസ്ട്രിയൽ എരിയയിൽ ഉള്ളതാണെന്ന് ഉത്തരവിൽ പറയുന്നുണ്ടെന്നും കൂടാതെ ജില്ലാ കളക്ടറുടെ 18/09/2012 ലെ CA-2129/12-ാാം നമ്പർ ഉത്തരവിൽ ടി സ്ഥലം നെൽപ്പാടം അല്ലെന്നും നിർമ്മാണപ്രവർത്തനങ്ങൾ നടത്താനാകുമെന്ന് അഗ്രികൾച്ചർ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഇന്റേണൽ വിജിലൻസ് ഓഫിസർ അറിയിച്ചിട്ടുള്ളതായി റിപ്പോർട്ടിൽ കാണുന്നു.
- 2023 ൽ കോടതി ഉത്തരവ് പ്രകാരം മരട് നഗരസഭയിൽ നിന്നും പെർമിറ്റ് പുതുക്കി കിട്ടിയെങ്കിലും അപേക്ഷ സമർപ്പിച്ച തീയതി പ്രകാരം Back date ൽ പെർമിറ്റ് ലഭിച്ചതെന്നും ആയതിനാൽ 6 മാസം മാത്രമേ പെർമിറ്റ് കാലാവധി ഉണ്ടായിരുന്നുള്ളുവെന്നും ആയതിനാൽ ആകെ 4 വർഷത്തിലധികം പെർമിറ്റ് കാലയളവ് നഷ്ടപ്പെട്ടുവെന്നും ടി നഷ്ടപ്പെട്ട കാലയളവ് പരിഗണിച്ച് പെർമിറ്റ് അനുവദിക്കണമെന്നുമുള്ള അപേക്ഷ പരിഗണിച്ച് നഗരസഭയുടെ ഭാഗത്ത് നിന്നും വീഴ്ചകളുണ്ടെന്നും STOP MEMO കൊടുത്തതിൽ യാതൊരു അടിസ്ഥാനവുമില്ലെന്നും ഇത് സംബന്ധിച്ച ഫയൽ ഇപ്പോൾ നഗരസഭയിൽ കാണുന്നില്ലാത്തതിൽ അസ്വാഭാവികതയുണ്ടെന്നും നിക്ഷേപകരെ നിരാശരാക്കുന്ന നടപടി ശരിയല്ലെന്നും ചട്ടപ്രകാരം 10 വർഷത്തേക്ക് മാത്രമേ പെർമിറ്റ് നീട്ടി നൽകാൻ കഴിയുവെന്നും 04/06/2019 മുതൽ 18/12/2023 വരെ നിർമ്മാണം നിർത്തിവയ്ക്കേണ്ടി വന്നതിനാൽ നഷ്ടമായ 4 വർഷം 5 മാസം നിർമ്മാണാനുമതി ദീർഘിപ്പിച്ചു ലഭിക്കുവാൻ അപേക്ഷകന് അർഹതയുണ്ടെന്നും ഇന്റേണൽ വിജിലൻസ് ഓഫീസർ സമിതിയെ അറിയിച്ചിട്ടുള്ളതാണ് .

<u>തീരുമാനം</u>

KMBR 2019 ലെ അദ്ധ്യായം IX പ്രകാരം നിലവിലുള്ള കമ്മിറ്റിക്ക് പുറമേ, തദ്ദേശസ്വയംഭരണ

വകുപ്പിന്റെ 21.10.2021-ലെ 238/2021/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പെർമിറ്റ് പുതുക്കി നൽകുന്നതിനായി രൂപീകരിച്ച ജില്ലാതല കമ്മിറ്റി മുമ്പാകെ ടി ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി നഗരസഭാ സെക്രട്ടറി മുഖേന അപേക്ഷ നൽകുന്നതിന് അപേക്ഷകന് നിർദ്ദേശം നൽകുന്നു. അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ തുടർ നടപടികൾ നഗരസഭാ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്

**നടപടി - അപേക്ഷകൻ, സെക്രട്ടറി, മരട് നഗരസഭ, ജില്ലാ ടൗൺ പ്ലാനർ**

**അജണ്ട. 5 തദ്ദേശ അദാലത്തിൽ തെറ്റായ റിപ്പോർട്ട് നൽകിയ ഗ്രാമപഞ്ചായത്ത് സെക്രട്ടറി,അപേക്ഷകയായ ശ്രീമതി ഷീബ എന്നിവർക്കെതിരെ നടപടി സ്വീകരിക്കണമെന്ന ശ്രീ ഗിരീഷ് ബാബുവിന്റെ അപേക്ഷ ( Docket No. BPEKM2062800001)**

16.05.2025 തീയതിയിൽ ചേർന്ന സംസ്ഥാനതല അദാലത്ത് സമിതി ശ്രീ ഗിരീഷ് ബാബു ഉന്നയിച്ച ആക്ഷേപം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഉപജില്ല അദാലത്ത് സമിതി കൺവീനർ ആയ ഇൻറേണൽ വിജിലൻസ് ഓഫീസറെ ചുമതലപ്പെടുത്തി ഇടക്കാല തീരുമാനം കൈക്കൊണ്ടിരുന്നു. ആയതു പ്രകാരം ഇൻറേണൽ വിജിലൻസ് ഓഫീസർ ശ്രീ.സഞ്ജയ് പ്രഭു സമർപ്പിച്ച റിപ്പോർട്ട് സംസ്ഥാന തല അദാലത്ത് സമിതി പരിശോധിച്ചു.

ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീ അജയ് ജോർജജ് സ്ഥിരം അദാലത്ത് സമിതി മുൻപാകെ 09.10.2024 ന് സമർപ്പിച്ച റിപ്പോർട്ട് പഞ്ചായത്തിന്റെ സ്റ്റാന്റ്റിംഗ് കൗൺസൽ നൽകിയ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ളതാണെന്നും , ബന്ധപ്പെട്ട ഫയലിലെ മുഴുവൻ നാൾവഴികളും സമഗ്രമായി ടി റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ലായെങ്കിലും, ശ്രീ അജയ് ജോർജ് അദാലത്ത് സമിതി മുൻപാകെ മനഃപൂർവ്വം വസ്തുതകൾ മറച്ച് വച്ചതായി കരുതുന്നില്ലെന്നും മാത്രമല്ല ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീമതി ഷീബ അനിൽ കുമാറിന് അനുകൂലമായി തീരുമാനം എടുത്തിട്ടില്ലാത്തതാണെന്നും, ഹിയറിംഗ് വേളയിൽ ശ്രീ ഗിരീഷ് ബാബു.V.B നൽകിയിട്ടുള്ള മൊഴിയിൽ ഉന്നയിച്ചിട്ടുള്ള മറ്റ് ആരോപണങ്ങൾ സംബന്ധിച്ച് പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ LSGD/PD/7499/2025-IV3 നമ്പറായി ഫയൽ നിലവിലുള്ളതാണെന്നും ആയതിന്മേൽ ആഭ്യന്തര വിജിലൻസ് ടീം നടത്തിയ അന്വേഷണത്തിലെ കണ്ടെത്തലുകൾ പ്രിൻസിപ്പൽ ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും ഇന്റേണൽ വിജിലൻസ് ഓഫീസറുടെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

എന്നാൽ പ്രസ്തുത റിപ്പോർട്ട് വസ്തുതകൾക്ക് നിരക്കാത്തതാണെന്ന് അപേക്ഷകനായ ശ്രീ ഗിരീഷ് ബാബു അദാലത് സമിതി മുൻപാകെ ആക്ഷേപം ഉന്നയിക്കുകയുണ്ടായി.

**തീരുമാനം**

സമാന വിഷയത്തിൽ ശ്രീ ഗിരീഷ് ബാബു നൽകിയ പരാതിയുമായി ബന്ധപ്പെട്ട ഫയൽ ഇൻറേണൽ വിജിലൻസ് വിജിലൻസ് സെക്ഷനിൽ നിലവിലുള്ള സാഹചര്യത്തിൽ ടി ഫയലുമായി ബന്ധപ്പെട്ട് അപേക്ഷകനായ ശ്രീ.ഗിരീഷ് ബാബു, ഇന്റേണൽ വിജിലൻസ് ഓഫീസർ, ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്ത് സെക്രട്ടറി എന്നിവരെ നേരിൽ കേട്ട് തീരുമാനം കൈക്കൊണ്ട് അപേക്ഷകനെ അറിയിക്കുന്നതിന് തീരുമാനിച്ചു.

**നടപടി - അഡീഷണൽ ഡയറക്ടർ (വിജിലൻസ്)**

**<u>അജണ്ട 6 ധനസഹായം ലഭിക്കുന്നതിനായി വില്ലേജ് ഓഫിസിൽ സമർപ്പിച്ച അപേക്ഷ വില്ലേജ് ഓഫീസർ നാശ നഷ്ടങ്ങളുടെ തോത് കണക്കാക്കുന്നതിനായി കോഴിക്കോട് കോർപ്പറേഷൻ ഓഫിസിലേക്ക് കൈമാറിയതിൽ നഗരസഭയിൽ നിന്നും തുടർ നടപടികൾ സ്വീകരിച്ചില്ലാ എന്നത് സംബന്ധിച്ച ശ്രീ.സമ്പത്ത്.കെ യുടെ അപേക്ഷ</u>**

2018 ലെ പ്രകൃതി ക്ഷോഭം കാരണമുണ്ടായ നാശനഷ്ടങ്ങൾ കണക്കാക്കി ധനസഹായം ലഭിക്കുന്നതിനായി വില്ലേജ് ഓഫീസിൽ സമർപ്പിച്ച അപേക്ഷ കോഴിക്കോട് കോർപ്പറേഷൻ ഓഫീസിലേയ്ക്ക് കൈമാറിയിരുന്നെങ്കിലും കോർപ്പറേഷൻ തുടർ നടപടി സ്വീകരിച്ചില്ല എന്നതാണ് പരാതി. കോർപ്പറേഷനിൽ നിന്നും അപേക്ഷ നഷ്ടപ്പെട്ടതിനെ തുടർന്ന് പരിശോധന നടത്തുന്നതിന് ജീവനക്കാരെ ചുമതലപ്പെടുത്തിയെങ്കിലും, അപേക്ഷ കണ്ടെടുക്കാൻ സാധിച്ചിട്ടില്ലെന്ന് കോർപ്പറേഷൻ അറിയിച്ചിട്ടുള്ളതായി ജില്ലാ തല അദാലത്ത് സമിതിയുടെ തീരുമാനത്തിൽ പരാമർശിച്ചിട്ടുണ്ട്.
കോർപറേഷൻ ഓഫീസിൽ പരിശോധന നടത്തിയിട്ട് അപേക്ഷ കണ്ടെത്താൻ സാധിച്ചിട്ടില്ലെന്നും വില്ലേജ് ഓഫീസുമായി ബന്ധപ്പെട്ടിട്ടും അപേക്ഷ ലഭ്യമായിട്ടില്ലെന്നും കോർപ്പറേഷനു വേണ്ടി ഹാജരായ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സംസ്ഥാന തല അദാലത് സമിതി യോഗത്തിൽ അറിയിച്ചു.

**<u>തീരുമാനം</u>**

ടി അപേക്ഷ കോർപ്പറേഷൻ ഓഫീസിൽ തുടർനടപടിക്കായി കൈമാറിയിരുന്ന കാലഘട്ടത്തിൽ അപേക്ഷ സ്വീകരിച്ച ഉദ്യോഗസ്ഥർ , ആയതിന്മേൽ നടപടി സ്വീകരിക്കേണ്ട ടി കെട്ടിടം സ്ഥിതിചെയ്യുന്ന വാർഡിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥർ എന്നിവർ ആരായിരുന്നു എന്ന് ഓഫീസ് രേഖകൾ പരിശോധിച്ചും ടി വാർഡിലെ കൗൺസിലർ ആയിരുന്ന വ്യക്തിയുമായി ബന്ധപ്പെട്ടും കണ്ടെത്തുന്നതിനും, ഇവരെ കൂടി ഉൾപ്പെടുത്തി അടിയന്തരമായി കോർപ്പറേഷന്റെ സോണൽ ഓഫീസിൽ നിന്നും അപേക്ഷ കണ്ടെത്തി തുടർനടപടി സ്വീകരിക്കുന്നതിന് കോർപ്പറേഷൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു. ആയത് കർശനമായി നടപ്പിലാക്കുന്നതിന് കോഴിക്കോട് ജില്ലാ ജോയിൻ്റ് ഡയറക്ടർ മേൽനോട്ടം വഹിക്കേണ്ടതാണ്.

**നടപടി - കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി, കോഴിക്കോട് ജില്ലാ ജോയിൻറ് ഡയറക്ടർ.**

**<u>അജണ്ട. 7 ആക്റ്റീവ് പ്ലാനറ്റ് എന്ന അമ്യൂസ്മെന്റ് പാർക്കിലെ അനധികൃത നിർമാണങ്ങൾക്കെതിരെയും പാർക്കിന്റെ അനുമതി കൂടാതെയുള്ള പ്രവർത്തനങ്ങൾക്കുമെതിരെ ശ്രീ.ഗൗതം സമർപ്പിച്ച പരാതി പരിഗണിക്കുന്നത് ( Docket No. CRKZD41010000030)</u>**

അപേക്ഷകൻ അദാലത്തിൽ ഹാജരാകാത്ത സാഹചര്യത്തിലും പരാതിയിൽ ഉന്നയിച്ചിട്ടുള്ള വിഷയവുമായി ബന്ധപ്പെട്ട ബഹു.ഹൈക്കോടതിയിൽ നിലവിലുള്ള കേസിന്റെ അധിക

വിവരങ്ങൾ ആവശ്യമുള്ളതിനാലും ടി അപേക്ഷ അടുത്ത അദാലത്തിലേക്ക മാറ്റി വയ്ക്കുന്നതിന് തീരുമാനിച്ചു.

അദാലത് സമിതി യോഗം പകൽ 1.00 മണിക്ക് അവസാനിച്ചു

**വിശ്വസ്തതയോടെ,**

Balagopal P C
ADDITIONAL DIRECTOR

പകർപ്പ്

1. ബന്ധപ്പെട്ട ജില്ലാതല അദാലത് സമിതി ചെയർമാൻമാർക്കും കൺവീനർമാർക്കും
2. ബന്ധപ്പെട്ട ഉപജില്ലാതല അദാലത് സമിതി കൺവീനർമാർക്ക്
3. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്ക് (ജില്ലാതല അദാലത് സമിതി കൺവീനർ മുഖേന)
4. ബന്ധപ്പെട്ട ജില്ലാ ടൗൺ പ്ലാനർമാർക്ക് (ജില്ലാതല അദാലത് സമിതി കൺവീനർ മുഖേന)
4. സിറ്റിസൺ അസിസ്റ്റന്റ് പോർട്ടൽ മുഖേന പരാതി സമർപ്പിച്ചിരുന്ന അപേക്ഷകർക്ക് (ജില്ലാതല അദാലത് സമിതി കൺവീനർ മുഖേന)

Signed by
Balagopal P C
Date: 25-07-2025 23:37:07